ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 10.02.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പ്രയാഗ്‌രാജ് സന്ദർശിക്കും; മഹാകുംഭമേളയിൽ പങ്കെടുക്കും.
   President Droupadi Murmu to visit Prayagraj today; will participate in the Maha Kumbh Mela.

2. 'പരീക്ഷാ പേ ചർച്ച' യുടെ 8-ാം പതിപ്പ് ഇന്ന് ന്യൂഡൽഹിയിൽ. പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കും.
   The 8th edition of 'Pariksha Pe Charcha' to be held today in New Delhi. Prime Minister Narendra Modi will interact with students.

3. ഫ്രാൻസ്-അമേരിക്ക എന്നീ രാജ്യങ്ങളുമായുള്ള തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രിയുടെ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.
   The Prime Minister will visit France and the United States from today, aimed at strengthening strategic partnerships.

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ ഇന്ന് ബജറ്റ് സംബന്ധിച്ച പൊതു ചർച്ചയ്ക്ക് തുടക്കമാകും.
   The general discussion on the budget will begin today at the 13th session of the 15th Kerala Legislative Assembly.

5. എയ്റോ ഇന്ത്യ 2025 - പ്രതിരോധ പ്രദർശന പരിപാടിയുടെ 15-ാം പതിപ്പ് ഇന്ന് മുതൽ ബംഗളൂരുവിൽ; സ്വാശ്രയ ഇന്ത്യയെക്കുറിച്ചുള്ള വീക്ഷണത്തിന് ശക്തി പകരുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Aero India 2025, the 15th edition of the defense exhibition, will begin today in Bengaluru; Defense Minister Rajnath Singh says it will empower the vision of a self-reliant India.**

6. ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്; കട്ടക് ഏകദിനത്തിൽ ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

**India wins the One-Day series against England; defeats England by four wickets in the Cuttack ODI.**

**************************************

## MAHAKUMBH – PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പ്രയാഗ്‌രാജിൽ മഹാകുംഭമേള സന്ദർശിക്കും. ഗംഗ, യമുന, സരസ്വതി നദികളുടെ ത്രിവേണി സംഗമത്തിൽ രാഷ്ട്രപതി പുണ്യസ്നാനം നടത്തും. പ്രയാഗ്‌രാജിലെ ഹനുമാൻ ക്ഷേത്രം, അക്ഷയ്‌വട് എന്നിവിടങ്ങളും സന്ദർശിക്കുന്ന ശ്രീമതി മുർമു, ഡിജിറ്റൽ മഹാകുംഭ് എക്സ്പീരിയൻസ് സെൻററിൽ സജ്ജമാക്കിയ സംവിധാനത്തിലൂടെ മഹാകുംഭമേള വീക്ഷിക്കും. അതേസമയം, മഹാ കുംഭമേള യിലേക്ക് തീർത്ഥാടക പ്രവാഹം തുടരുകയാണ്. 43 കോടിയിലധികം പേർ ഇതുവരെ കുംഭമേളയിൽ പങ്കെടുത്തതായാണ് കണക്കുകൾ.

**************************************

## PARIKSHA PE CHARCHA

'പരീക്ഷാ പേ ചർച്ച' യുടെ 8-ാം പതിപ്പ് ഇന്ന്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ രാവിലെ 11-നാണ് പരിപാടി. ആത്മവിശ്വാസത്തോടെ പരീക്ഷയെ

നേരിടുന്നതിനുള്ള മികച്ച മാർഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി പങ്കുവയ്ക്കും. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇതുവരെ മൂന്നരക്കോടിയോളം വിദ്യാർഥികൾ പരിപാടിക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

****************************************

## PM MODI VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഇരുരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സന്ദർശനം ഊന്നൽ നൽകും. ഇന്ന് മുതൽ ഈ മാസം 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷിചർച്ചകളിലും പങ്കെടുക്കും. ഉച്ചകോടിയിൽ നിർമിതബുദ്ധി സംബന്ധിച്ച ആശങ്കകളും സാധ്യതകളും ഇന്ത്യ ഉന്നയിക്കുമെന്ന് ഫ്രാൻസിലെ ഇന്ത്യൻ അംബാസഡർ സഞ്ജീവ് കുമാർ സിംഗ്ല പറഞ്ഞു. (വോയിസ്...)

ഫ്രാൻസ് സന്ദർശനത്തിനിടെ ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി നിർവഹിക്കും. തുടർന്ന് രണ്ടുദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി അമേരിക്കയിലേക്ക് തിരിക്കും.

****************************************

## MANIPUR – CM RESIGNS

മണിപ്പൂരിൽ മാസങ്ങളായി തുടരുന്ന രാഷ്ട്രീയ സംഭവവികാസങ്ങൾക്കും അശാന്തിക്കുമിടെ മുഖ്യമന്ത്രി എൻ. ബീരേൻ സിങ് ഇന്നലെ രാജിവച്ചു. ഇംഫാലിലെ രാജ്ഭവനിൽ എത്തി ഗവർണർ അജയ് കുമാർ ഭല്ലയ്ക്ക് അദ്ദേഹം രാജിക്കത്ത് കൈമാറി. 14 എംഎൽഎമാരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി

അമിത് ഷായുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് രാജി. ഇതോടെ ഇന്ന് ആരംഭിക്കാനിരുന്ന നിയമസഭ സമ്മേളനം ഗവർണർ റദ്ദാക്കി. ബദൽ ക്രമീകരണങ്ങൾ ഉണ്ടാകുന്നത് വരെ കാവൽ മുഖ്യമന്ത്രിയായി തുടരാൻ ബിരേൻ സിങിനോട് അഭ്യർത്ഥിച്ചതായി രാജ്ഭവൻ വൃത്തങ്ങൾ അറിയിച്ചു.

**************************************

## NIYAMASABHA

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ ഇന്ന് ബജറ്റ് സംബന്ധിച്ച പൊതു ചർച്ചയ്ക്ക് തുടക്കമാകും. ബുധനാഴ്ച വരെ ചർച്ച തുടരും. ഭൂമിയുടെ തരംമാറ്റം, സംസ്ഥാനത്തെ ആശാവർക്കർമാരുടെ ജോലി ഭാരവും കുറഞ്ഞ വേതനവും തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധ ക്ഷണിക്കൽ സഭയിൽ അവതരിപ്പിക്കും.

**************************************

## MARAMON CONVENTION

130-ാമത് മാരാമൺ കൺവെൻഷന് ഇന്നലെ തുടക്കം. മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കോഴഞ്ചേരി മാരാമൺ പമ്പാനദിക്കരയിൽ ഈ മാസം 16 വരെയാണ് കൺവെൻഷൻ.

**************************************

## WAYANAD - TIGER

വയനാട് തലപ്പുഴയിലും പരിസരത്തും കടുവയുടെ കാൽപാടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ വനംവകുപ്പ് തെരച്ചിൽ ഊർജ്ജിതമാക്കി. പ്രദേശത്ത് 14 ക്യാമറ ട്രാപ്പുകളും രണ്ട് ലൈവ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. ഡ്രോൺ

നിരീക്ഷണവും ശക്തമാണ്. ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

****************************************

## NATIONAL DE-WORMING DAY

ഇന്ന് ദേശീയ വിരവിമുക്ത ദിനം. കുട്ടികളിൽ വിരബാധ വിളർച്ച, പോഷകാഹാരക്കുറവ് തുടങ്ങിയവയ്ക്ക് കാരണമാകും. ഒന്ന് മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികളിൽ വിരബാധയ്ക്കുള്ള സാധ്യത കൂടുതലായാണ് കണക്കാക്കപ്പെടുന്നത്. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള അംഗൻവാടികളും സ്കൂളുകളും കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങളും അവബോധവും നടക്കും.

****************************************

## PURI-INDIA ENERGY WEEK 2025

ഇന്ത്യ എനർജി വീക്ക് 2025 ന് നാളെ തുടക്കമാവും. പരിപാടിയുടെ മൂന്നാം പതിപ്പാണിത്. 20-ലധികം രാജ്യങ്ങളിൽ നിന്നുള്ള ഊർജ മന്ത്രിമാർ, ഉത്പാദകർ, ആഗോള പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. ഇന്ന് നടക്കുന്ന വാർത്താ സമ്മേളനത്തിൽ കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി, വാർഷിക ഊർജ്ജ പരിപാടിയുടെ വിശദാംശങ്ങൾ പങ്കുവയ്ക്കും. ന്യൂഡൽഹിയിൽ ഈ മാസം 14 വരെയാണ് ഇന്ത്യ എനർജി വീക്ക് 2025 സംഘടിപ്പിച്ചിരിക്കുന്നത്.

****************************************

## INDIA AND EGYPT

ഇന്ത്യ- ഈജിപ്ത് സംയുക്ത സൈനികാഭ്യാസമായ "സൈക്ലോൺ 2025" ഇന്നുമുതൽ രാജസ്ഥാനിലെ മഹാജൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ നടക്കും. മരുഭൂമിയിലെ

സാഹചര്യങ്ങളിൽ സേനകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയും വൈദഗ്ധ്യം പങ്കുവയ്ക്കുകയും ഇന്ത്യ - ഈജിപ്ത് പ്രതിരോധ സഹകരണം വർദ്ധിപ്പിക്കുകയുമാണ് അഭ്യാസങ്ങളുടെ ലക്ഷ്യം. സൈനികാഭ്യാസം ഈ മാസം 23 ന് സമാപിക്കും.

**************************************

## AERO INDIA - RAJNATH (INTRO)

എയ്റോ ഇന്ത്യ 2025 - പ്രതിരോധ പ്രദർശന പരിപാടിക്ക് ഇന്ന് ബംഗളൂരുവിൽ തുടക്കമാകും. ഇന്ത്യയിലെയും വിദേശത്തെയും പ്രതിരോധ മേഖലയിലെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സ്വദേശിവൽക്കരണ പ്രക്രിയ വേഗത്തിലാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. വ്യാഴം, വെള്ളി ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് പ്രദർശനം കാണാൻ അവസരമുണ്ടാകും. പരിപാടി യുവാക്കൾക്ക് പ്രചോദനമാകുന്നതിനൊപ്പം ശക്തവും സ്വാശ്രയവുമായ ഇന്ത്യയെക്കുറിച്ചുള്ള കേന്ദ്ര സർക്കാരിന്റെ വീക്ഷണത്തിന് ശക്തി പകരുമെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. എയ്റോ ഇന്ത്യയുടെ 15-ാം പതിപ്പിനു മുന്നോടിയായി ഇന്നലെ ബെംഗളൂരുവിൽ വാർത്താസമ്മേളനം നടത്തുകകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വ്യോമ മേഖലയിലെ നാഴികക്കല്ലായിരിക്കും പരിപാടിയെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു. **(വോയിസ്….)**

ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യ ഈ മാസം 14 വരെ യെലഹങ്കയിലെ വ്യോമ താവളത്തിലാണ് നടക്കുന്നത്. ***'ശതകോടി അവസരങ്ങളിലേക്കുള്ള റൺവേ'*** എന്നതാണ് ഇത്തവണത്തെ പ്രമേയം.

**************************************

## RAJNATH SINGH-PIO TIKODUADUA

എയ്റോ ഇന്ത്യ 2025 ന്റെ ഭാഗമായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഫിജി പ്രതിരോധ മന്ത്രി പിയോ തിക്കൊന്തോദുവയുമായി ഇന്നലെ ബെംഗളൂരുവിൽ കൂടിക്കാഴ്ച നടത്തി. പ്രതിരോധ സഹകരണവുമായി ബന്ധപ്പെട്ട് ഇന്ത്യ-ഫിജി സംയുക്ത സമിതി രൂപീകരിക്കാൻ ഇരുവരും സമ്മതിച്ചതായി സിംഗ് പറഞ്ഞു. കഴിഞ്ഞ ദിവസം രാജ്യരക്ഷാമന്ത്രി ദക്ഷിണ സുഡാൻ പ്രതിരോധ മന്ത്രിയുമായും കൂടിക്കാഴ്ച നടത്തിയിരുന്നു.

**************************************

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന ദേശീയ ഗെയിംസിൽ കേരളം ഇന്നലെ ഒരു സ്വർണവും രണ്ടു വെള്ളിയും ഉൾപ്പെടെ സ്വന്തമാക്കി. ഡെക്കാത്തലണിൽ കേരളത്തിന്റെ എൻ തൗഫീഖാണ് സ്വർണം നേടിയത്. വനിതകളുടെ ലോങ് ജമ്പിൽ സാന്ദ്ര ബാബുവും 4x100 വനിതാ റിലേ ടീമും വെള്ളി സ്വന്തമാക്കി. പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ ടി എസ് മനുവും പുരുഷന്മാരുടെ 110 മീറ്റർ ഹർഡിൽസിൽ മുഹമ്മദ് ലാസാനും വെങ്കല നേട്ടത്തിലെത്തി. മെഡൽ പട്ടികയിൽ കേരളം ഒൻപതാം സ്ഥാനത്താണ്. സെർവീസസാണ് ഒന്നാമത്.

**************************************

## INDIA-ENGLAND CRICKET

ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ കട്ടക്കിൽ നടന്ന രണ്ടാം ഏകദിനത്തിൽ ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയതോടെ 3 മത്സരങ്ങളടങ്ങിയ പരമ്പര ഇന്ത്യ 2-0 ന് സ്വന്തമാക്കുകയായിരുന്നു. ഇംഗ്ലണ്ട് ഉയർത്തിയ 305 റൺസ്

വിജയലക്ഷ്യം 33 പന്ത് ബാക്കി നിൽക്കെ ഇന്ത്യ മറികടന്നു. സെഞ്ച്വറി നേടിയ ക്യാപ്റ്റൻ രോഹിത് ശർമയുടെ ബാറ്റിംഗ് കരുത്താണ് ഇന്ത്യയുടെ ജയത്തിൽ നിർണായകമായത്. മറ്റന്നാൾ അഹമ്മദാബാദിലാണ് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം.

*************************************

## ISL - FOOTBALL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്നലെ ബെംഗളൂരു എഫ്സിക്ക് ജയം. ബംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ജംഷഡ്പൂർ എഫ്സിയെ ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്കാണ് ബംഗളൂരു പരാജയപ്പെടുത്തിയത്.

*************************************

## BIHAR ASHWINI VAISHNAV

റെയിൽവേയിൽ 95,000 പുതിയ ഒഴിവുകളിൽ ഉടൻ നിയമനം പൂർത്തിയാക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ബിഹാറിലെ ബേത്തിയ ജംഗ്ഷനിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. നമോ - വന്ദേ ഭാരത് ട്രെയിനുകൾക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു.

*************************************

## IIAS-DARPG INDIA CONFERENCE 2025

IIAS-DARPG ഇന്ത്യ സമ്മേളനം ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്യും. പൊതുഭരണം, നയരൂപീകരണം എന്നിവയിലെ നൂതനാശയങ്ങൾ ചർച്ച ചെയ്യുകയും പര്യവേക്ഷണം ചെയ്യുകയും ചെയ്യുന്ന വേദിയാണിത്. ഈ മാസം 14 വരെ നടക്കുന്ന സമ്മേളനത്തിൽ 55 രാജ്യങ്ങളിൽ

നിന്നുള്ള 240 പ്രതിനിധികൾ പങ്കെടുക്കും. പൊതുഭരണത്തെക്കുറിച്ചുള്ള IIAS സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്ന ആദ്യത്തെ ദക്ഷിണേഷ്യൻ രാജ്യമാണ് ഇന്ത്യ.

*****************************************************************
***************************************